[Mr. P. Govinda Menon]

ടെയുള്ളതിലും കൂടുതൽ സ്ത്രീ വിദ്യാഭ്യാസം പ്രചരിച്ചിട്ടുണ്ടെന്നാണു് വിശ്വസിക്കേണ്ടതു്. അതിനു് ഇനിയും പ്രചാരം കിട്ടാൻ വേണ്ടിയും സ്ത്രീ വിദ്യാഭ്യാസം കുറെകൂടി പരിഷ്കരിക്കാൻ ബഹുമാനപ്പെട്ട വനിതാമെമ്പർ പ്രസ്താവിച്ച തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ വേണ്ടിയുമാണു് ഗവമ്മെണ്ടു് ഒരു പദ്ധതി അംഗീകരിക്കാൻ ഇടയായതു്. അതായതു് പെൺകുട്ടികൾക്കുണ്ടായിരുന്ന പകുതിഫീസ്സ് സൌജന്യം ഇല്ലാതാക്കി. പഴയ വ്യവസ്ഥ തന്നെ തുടരുകയാണെങ്കിൽ കൂടുതൽ പണം ചിലവുചെയ്തു് കൂടുതൽ വിദ്യാഭ്യാസം പ്രചരിപ്പിക്കാൻ സാദ്ധ്യമല്ല. ഇന്നു് എത്ര ധനികന്റെ കുട്ടികളായലും പകുതിഫീസു കൊടുത്താൽ മതി. അതുകൊണ്ടു് ഗവമ്മെണ്ടിന്റെ ആനുകൂല്യം അർഹിക്കുന്ന പാവപ്പെട്ടവർക്കു വേണ്ടിടത്തോളം ആനുകൂല്യം കൊടുക്കാൻ കഴിയുന്നില്ല. അതാണു് സ്ത്രീകൾക്കു പകുതിഫീസു് മതിയെന്നുള്ള ഒരു സൌജന്യം നിറുത്തൽ ചെയ്യാൻ തീരുമാനിച്ചതു്. പെൺകുട്ടികളുടെ പകുതിഫീസ് സൌജന്യം എടുത്തുകളഞ്ഞതോടുകൂടി ഗവമ്മെണ്ടു് വളരെ ഔദാര്യത്തോടുകൂടി സ്ത്രീവിദ്യാഭ്യാസ വിഷയത്തിൽ സ്കോളർഷിപ്പുകളും മറ്റും കൊടുക്കണമെന്നും തീരുമാനിച്ചിട്ടുണ്ടു്.

ഇപ്പോൾ ഇവിടെ ബഹുമാനപ്പെട്ട വനിതാമെമ്പർ ഉന്നയിച്ചിട്ടുള്ള വിഷയം സ്ത്രീ വിദ്യാഭ്യാസത്തിൽ ചില വ്യതിയാനങ്ങൾ വരുത്തണമെന്നുള്ളതാണു്. അതിനെ അനുകൂലിക്കുന്ന പ്രാധാന്യത്തോടുകൂടിത്തന്നെ പരിഗണിക്കാൻ ഗവമ്മെണ്ടു് തയ്യാറാണു്. നമ്മുടെ പെൺകുട്ടികൾ സ്കൂൾഫൈനലും ബി. എ. യും മറ്റും പാസായി പുറത്തുവന്നതിനു ശേഷം യഥാർത്ഥഗൃഹണികളാകുന്നതിനു പകരം ഗേഹബാധകളാകാതെയിരിക്കാൻ വേണ്ട ഉപദേശം, പരിശീലനം നല്കണമെന്നാണു് മിസ്സിസ് ടി. ഫ്റാൻസ്സിസ് ആവശ്യപ്പെട്ടതു്. ഇതു് പുതുമ ഒന്നും അല്ല. നമ്മുടെ രാജ്യത്തു പഴയകാലം മുതൽക്കുതന്നെ സ്ത്രീകളെ വിവാഹം കഴിച്ചു് കൊടുക്കുന്ന അവസരത്തിൽ ഭർത്തൃഗൃഹത്തിൽ സ്ത്രീകളെങ്ങിനെയാണു് പെരുമാറേണ്ടതെന്നും മറ്റുമുള്ള കാര്യങ്ങൾ കുടുംബത്തിലെ കാരണവസ്ഥാനം വഹിക്കുന്നവർ ഉപദേശിച്ചു കൊടുക്കാറുണ്ടു്. എന്നാൽ ഇന്നു് വിദ്യാഭ്യാസം മുഴുവൻ ഗൃഹങ്ങളിൽനിന്നു വിദ്യാലയങ്ങളിലേയ്ക്കു് പ്രവേശിച്ചിട്ടുള്ളതുകൊണ്ടു് ഇന്നുകിട്ടിവരുന്ന വിദ്യാഭ്യാസത്തിനു പുറമെ ഗൃഹകാര്യങ്ങളെ സംബന്ധിച്ചു സംഗതികൾ കലാലയം വഴി ശാസ്ത്രീയരീതിയിൽ സ്ത്രീകൾക്കുപദേശിച്ചു കൊടുക്കണമെന്നാണു് ഈ ഖണ്ഡനോപക്ഷേപത്തിന്റെ അവതാരിക ആവശ്യപ്പെട്ടിട്ടുള്ളതു്. ഈകാര്യം ഗവമ്മെണ്ടിന്റെ ആലോചനയിലിരിക്കുകയാണു്. പോസ്റ്റ് വാർ റികൺസ്റ്റ്റക്ഷൻ എഡ്യൂക്കേഷൻ കമ്മറ്റി ഈ ഹോം സൈൻസു് ഇന്നുള്ള സ്കൂളുകളിലും കോളേജുകളിലും തന്നെ ഇൻടഡ്യൂസ് ചെയ്യാൽ മതിയൊ അതൊ, ഹോം സൈൻസിനു തന്നെ ഒരു കോളേജ് തുടങ്ങണൊ എന്നതിനെപ്പറ്റി ആലോചിച്ചു് ഒരു പദ്ധതി തയ്യാറാക്കിവരികയാണു്. ഇതു് മിനിസ്റ്റർക്കു മാത്രം വിചാരിച്ചാൽ തയ്യാറാക്കാവുന്ന കാര്യമല്ല. ഇതിനെപ്പറ്റി പോസ്റ്റ്വാർ റികൺസ്റ്റ്റക്ഷൻ കമ്മിറ്റി തീരുമാനിച്ച ശേഷം ആ പദ്ധതി ഗവമ്മെണ്ടു് അംഗീകരിക്കുന്നതായിരിക്കും. ബഹുമാനപ്പെട്ട മെമ്പർ ഡൽഹിയിലെ ലേഡി ഇർവ്വിൻ കോളേജിനെപ്പറ്റി പറഞ്ഞു. ഇപ്പോൾഇതിനെപ്പറ്റി ആലോചന നടത്തുന്ന കമ്മിറ്റി ഒരു പദ്ധതി തയ്യാറാക്കി ഗവമ്മേണ്ടിലേക്കു സമർപ്പിക്കുന്ന അവസരത്തിൽ ഈ ലേഡി ഇർവ്വിൻ കോളേജിലെ സിസ്റ്റം അന്വേഷിച്ചു് വേണ്ടതുപോലെ ചെയ്യുന്നതാണു്. ഒരു കമ്മറ്റി ഈ കാര്യം ആലോചിക്കുന്നതുകൊണ്ടു് ഇതിനെക്കുറിച്ചിപ്പോൾ കൂടുതലൊന്നും പറയുവാനില്ല.

മിസ്സിസ് ടി. ഫ്റാൻസീസ് : സർ, വിദ്യാഭ്യാസ സമിതി ഈകാര്യം വളരെ താല്പര്യത്തോടെ വീക്ഷിക്കുന്നുണ്ടെന്നും ഒരു കമ്മിറ്റി ഇതിനെപ്പറ്റി ആലോചന നടത്തിവരുന്നുണ്ടെന്നും ഈ കാര്യത്തിൽ ഉപേക്ഷയുണ്ടാകയില്ലെന്നു പറഞ്ഞതിനു് അദ്ദേഹത്തോടു നന്ദി പറഞ്ഞുകൊണ്ടു് ഞാൻ ഈ കട്ടമോഷൻ പിൻവലിക്കുന്നു.

*Motion, by leave, withdrawn*

**(iii) Teachers undergoing training—Hardships regading**

മിസ്റ്റർ സി. എസ്സ്. പണിക്കർ : To reduce the allotment of Rs. 72,759 for Government Training Institution in Demand No. 23. Education by Re. 1. (*To point out to Government the hardships caused to the tieachers undergoing training at the Government Training Institutior, Ramavarmapuram for want of proper hostel facilities*)

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ പ്രമേയത്തിലുദ്ദേശിച്ചിരിക്കുന്ന കാര്യം വളരെ വ്യക്തമായിട്ടുള്ളതാണു്. ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ ബഡ്ജറ്റ് അവതരിപ്പിച്ച അവസരത്തിൽ ബഡ്ജറ്റിലെ മുഴുവൻസംഖ്യ എന്നതന്നെപറയാം, അതിലെ ഒരു വമ്പിച്ച ഭാഗം അദ്ധ്യാപകന്മാരുടെ ശമ്പളത്തിനുവേണ്ടിയാണു ചിലവാക്കുന്നതെന്നു പറയുകയുണ്ടായി. അതായതു വിദ്യാഭ്യാസം നൽകുന്നവരുടെ സുഖസൌകര്യങ്ങൾക്കുവേണ്ടിയാണു് അതു ചിലവാക്കുന്നതെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഈ പ്രമേയത്തിൽ പറയുന്ന അദ്ധ്യാപകന്മാരെയഥാർത്ഥ അദ്ധ്യാപകന്മാരാക്കി രൂപാന്തരപ്പെടുത്താനുള്ള ട്രെയിനിങ്ങ് ഇൻസ്റ്റിട്ടൂഷനിൽ ർ൮൦-ൽ ചിലപ്പോഴും അദ്ധ്യാപികവിദ്യാർത്ഥികൾ ഇരുന്നുണ്ടു്. അവർക്കു് താമസിക്കാനുള്ള സൌകര്യം ഉണ്ടാക്കണമെന്നുള്ളതുമാത്രമാണു്. ഈ ബഡ്ജറ്റിൽതന്നെ സ്ത്രീകൾക്കു താമസിക്കാനുള്ള ഹോസ്റ്റലിനു പ്രൊവിഷനുണ്ടു്. എനിക്കു പറയാനുള്ളതു് അവിടെ സ്ഥലമെടുക്കാൻ ഗവൺമെണ്ടിനു വളരെ പണച്ചിലവില്ല. പുറമ്പോക്കുസ്ഥലങ്ങളുണ്ടു്. കുറെ സ്ഥലമെടുത്തു അവർക്കെല്ലാപേർക്കും കുറെക്കൂടി സൌകര്യമായി താമസിക്കുന്നതിനു വേണ്ട കെട്ടിടങ്ങളുണ്ടാക്കി കൊടുക്കണമെന്നുള്ളതു മാത്രമാണു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ കട്ട്മോഷനിൽ ആവശ്യപ്പെട്ടിരിക്കുന്ന സംഗതിയുടെ ഗൌരവം ഗവൺമെണ്ടു് മനസ്സിലാക്കുന്നുണ്ടു്. ഇന്നവിടെ ർ൦൦-ൽ ചിലപ്പോഴും പേരുണ്ടു്. അതിൽ ൫൦൫ പേർ ഹോസ്റ്റലിലാണു താമസിക്കുന്നതു്. ഗവൺമെണ്ടു് ഇവർക്കുട്ടിടങ്ങൾ വാടകയ്ക്കെടുത്തിട്ടുണ്ടു്. അതിൽ ൫൦൫ പേരെ കൊള്ളിച്ചിട്ടുണ്ടു്. സ്റ്റാൻറിംഗ് ഫൈനാൻസു കമ്മിറ്റിയുടെ സുപാർശയനുസരിച്ചു ൫൰, ൦൦൦ രൂപ പെൺകുട്ടികളുടെ ഒരു ഹോസ്റ്റലിനായി വെച്ചിട്ടുണ്ടു്. അവിടെ പെൺകുട്ടികളുടെ സൌകര്യത്തിനുവേണ്ടി മാത്രമേ ഹോസ്റ്റലുണ്ടാക്കുകയുള്ളു എന്നില്ല. ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശമനുസരിച്ചു ഈ സംഖ്യയിൽനിന്നു കുറെ അങ്ങോട്ടുമിങ്ങോട്ടുമൊക്കെ കൂട്ടിട്ടു രണ്ടുകൂട്ടർക്കും ഇതുകൊണ്ടു പരിഹാരം കാണണമെന്നാണെങ്കിൽ അതും നോക്കാം.

മിസ്റ്റർ സി. എസ്സ്. പണിക്കർ: ഞാൻ ഈ ഉപക്ഷേപം സഭയുടെ അനുവാദത്തോടുകൂടി പിൻവലിക്കുന്നു.

*Motion, by leave, withdrawn.*

The House rose for the day at 5 p.m.

P. NARAYANA SWAMY
*Secretary to the Council*

LIBRARY ARCHIVES Kerala Legislative Assembly